


# മാതൃഭൂമി

2007 സപ്തംബർ 23
വില 10 രൂപ

ആഴ്ചപ്പതിപ്പ്


## എങ്ങനെയാണ് വി.എസ്. അച്യുതാനന്ദൻെറ മൂന്നാർ ഭൂപരിഷ്കരണം പരാജയപ്പെട്ടതെന്ന് കെ. വേണു പരിശോധിക്കുന്നു

## പാഠപുസ്തകത്തിൻെറ രാഷ്ട്രീയം

അടുത്തവർഷം തന്നെ പാഠപുസ്തകമാറ്റം വേണമെന്ന വാശിക്കു പിറകിൽ എന്താണ്?


കണ്ടെത്തൽ

## ആര്യഭടൻ മലപ്പുറത്തുകാരൻ ജൈനമത വിശ്വാസി



2007 സെപ്തംബർ 23 - 29
1183 കന്നി 7 - 13
പുസ്തകം 85 • ലക്കം 30
പ്രസിദ്ധീകരണത്തിൻെറ 75-ാം വർഷം
വില 10 രൂപ

# മാതൃഭൂമി ആഴ്ചപ്പതിപ്പ്



ഇന്ത്യൻ ശാസ്ത്രചിന്തയിലെ ധ്രുവനക്ഷത്രമായിരുന്ന ആര്യഭടൻെറ ജന്മദേശം തിരൂരിലെ ചമ്രവട്ടമാണോ? കേരളത്തിലെ ബൗദ്ധ-ജൈന പാരമ്പര്യത്തിന് വൈദികപാരമ്പര്യത്തെക്കാൾ പഴക്കമുണ്ടെന്ന ചരിത്രനിഗമനത്തെ ആര്യഭടീയം സാധൂകരിക്കുന്നതെങ്ങനെയാണ്? ഭ്രഷ്ട് കല്പിച്ച് ബ്രാഹ്മണ്യത്തിൽനിന്ന് പുറത്താക്കപ്പെട്ട ആര്യഭടൻ ജൈനപാരമ്പര്യം സ്വീകരിക്കുകയുണ്ടായോ? ഇതുവരെ കണ്ടെത്താതിരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ആര്യഭടൻെറ ജീവിതത്തെയും ദർശനത്തെയും വിശകലനം ചെയ്യുന്ന ഈ പഠനം ഇന്ത്യൻ ശാസ്ത്രചരിത്രത്തെ നിർണായകമായി സ്വാധീനിക്കുന്ന വിപ്ലവകരമായ കണ്ടെത്തലുകളാണ് നടത്തുന്നത്.

**ആര്യഭടീയം-നൂതനവ്യാഖ്യാനങ്ങളും കണ്ടെത്തലുകളും.......... 8**
കെ. ചന്ദ്രഹരി



സമഗ്രമായ പാഠപുസ്തകപരിഷ്കരണത്തിന് നടത്തുന്ന ധൃതിപിടിച്ച ശ്രമങ്ങളുടെ യഥാർഥ ലക്ഷ്യമെന്താണ്? പാഠപുസ്തകപരിഷ്കരണത്തിനുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ പിന്തുണ നൽകാൻ എസ്.സി.ഇ.ആർ.ടി. സജ്ജമാണോ? അടുത്ത വർഷംതന്നെ പാഠപുസ്തകം മാറ്റണമെന്ന വാശിക്കുപിന്നിലെ രാഷ്ട്രീയലക്ഷ്യങ്ങൾ അന്വേഷിക്കുകയാണ് ഈ പഠനം.

**പാഠപുസ്തകത്തിൻെറ രാഷ്ട്രീയം.. 21**
എ.കെ. അബ്ദുൽഹക്കീം

അറബിമലയാളത്തിലും മറ്റുമുണ്ടായ അധിനിവേശവിരുദ്ധരചനകൾ നമ്മുടെ നവോത്ഥാന പാരമ്പര്യത്തിൻെറ ഭാഗമാകാതെ പോയതെന്തുകൊണ്ട്? രണ്ടു പടപ്പാട്ടുകളുടെ വിശകലനത്തിലൂടെ പ്രവർജനത്തിൻെറ പ്രത്യയശാസ്ത്രം പഠനവിധേയമാക്കപ്പെടുന്നു.

**പിഞ്ഞിപ്പോയ ഏടുകൾ - തുള വീണ നവോത്ഥാന വ്യവഹാരങ്ങൾ ..........29**
ഡോ. ഉമർ തറമേൽ



നവലിബറൽ നയങ്ങൾ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിൻെറ ഭാഗമായി നമ്മുടെ അർധഫെഡറൽ സംവിധാനത്തെ തകർത്തുകൊണ്ട് കേന്ദ്രസർക്കാരിന് മേധാവിത്വം നൽകുന്ന ഒരു ഭരണസംവിധാനം ഇന്ത്യയിൽ നിലവിൽ വന്നിരിക്കയാണ്. ഇത്തരം കേന്ദ്രനയങ്ങൾക്കെതിരെ ഇടതുപക്ഷം പോലും പ്രതികരിക്കാത്ത പശ്ചാത്തലത്തിൽ യഥാർഥ ഫെഡറൽ ഭരണസംവിധാനത്തെക്കുറിച്ച് ഒരന്വേഷണം.

**കേന്ദ്ര സംസ്ഥാന ബന്ധങ്ങളും ഇടതുപക്ഷവും .......... 34**
കെ. വിജയചന്ദ്രൻ

**മൂന്നാറും രണ്ടാം ഭൂപരിഷ്കരണവും.........16**
കെ. വേണു

**അവസാനത്തെ 'ഭരത്' അഥവാ ഭരത് ഗോപി..........25**
സത്യൻ അന്തിക്കാട്/ താഹ മാടായി

**അക്കാദമികവരേണ്യതയുടെ സൃഗാലദൃഷ്ടി .......... 49**
ഇന്ദു ഇടപ്പള്ളി

**ഭൗമേതര ജീവിതം-സാധ്യതകളും യാഥാർഥ്യങ്ങളും .......... 60**
ജീവൻ ജോബ് തോമസ്

**നളബാഹുകന്മാരായി ആയിരം രാവുകൾ .......... 71**
കലാമണ്ഡലം ഗോപി/ഞായത്ത് ബാലൻ

## കവിത

**ആരെയും കാണാനില്ല .......... 43**
ദേശമംഗലം രാമകൃഷ്ണൻ

## കഥ

**വാഴയില.......... 44**
ടി.എൻ. പ്രകാശ്

## നോവൽ

**പാലേരി മാണിക്യം കൊലക്കേസ്-10 .......... 55**
ടി.പി. രാജീവൻ



**ഒൻപത് - 21 .......... 64**
സുസ്മേഷ് ചന്ത്രോത്ത്

## പംക്തികൾ

**വായനക്കാർ എഴുതുന്നു.......... 4**
**പുസ്തകനിരൂപണം.......... 76**
**പുസ്തകക്കുറിപ്പുകൾ.......... 78**
**ബാലപംക്തി.......... 80**
**ചരിത്രപഥം.......... 82**

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
എം.എം. പ്രസ്സ്
ചെറൂട്ടി റോഡ്
കോഴിക്കോട് 673 001.
ഫോൺ: 0495-2765381
ഫാക്സ്: 0495-2760138

മാനേജിങ് എഡിറ്റർ
**പി.വി. ചന്ദ്രൻ**
എഡിറ്റർ
**കെ.കെ. ശ്രീധരൻ നായർ**
ഡെപ്യൂട്ടി എഡിറ്റർ
**എം.പി. ഗോപിനാഥ്**

ചീഫ് സബ് എഡിറ്റർ
**കമൽറാം സജീവ്**
സബ് എഡിറ്റർമാർ
**ഡോൺ ജോർജ്**
**എം.ആർ. രാജേഷ്**

ചീഫ് ആർട്ടിസ്റ്റ്സ്
**ജെ.ആർ. പ്രസാദ്**
**മദനൻ**

**മുഖചിത്രം**
ഡിസൈൻ
സന്തോഷ്

കണ്ടെത്തൽ



# GAṆITA OR MATHEMATICS

## INVOCATION AND INTRODUCTION

ब्रह्म-कु-शशि-बुध-भृगु-रवि-
कुज-गुरु-कोण-भगणान् नमस्कृत्य ।
आर्यभटस्त्विह निगदति
कुसुमपुरेऽभ्यर्चितं ज्ञानम्[1] ॥ १ ॥

**1. Having bowed with reverence to Brahmā, Earth, Moon, Mercury, Venus, Sun, Mars, Jupiter, Saturn and the asterisms, Āryabhaṭa sets forth here the knowledge honoured at Kusumapura.**

Commenting on this stanza, Bhāskara I writes: "Kusumapura is Pāṭaliputra. (Āryabhaṭa) sets forth the knowledge honoured there. This is what one hears said: Indeed this *Svāyambhuva-siddhānta* was honoured by the learned people of Kusumapura (Pāṭaliputra), although the *Pauliśa-*, *Romaka-*, *Vāsiṣṭha-* and *Saurya-Siddhāntas* were also (known) there. That is why (Āryabhaṭa) says—'the knowledge honoured at Kusumapura'."

## THE FIRST TEN NOTATIONAL PLACES

एकं[2] दश च शतं च सहस्रं त्वयुत[3] नियुते तथा प्रयुतम् ।
कोट्यर्बुदं च वृन्दं स्थानात् स्थानं दशगुणं स्यात् ॥ २ ॥

**2.** *Eka* **(units place),** *daśa* **(tens place),** *śata* **(hundreds place),** *sahasra* **(thousands place),** *ayuta* **(ten thousands place),** *niyuta* **(hundred thousands place),** *prayuta* **(millions place),** *koṭi* **(ten millions place),** *arbuda* **(hundred millions place),**

## WRITING OF NUMBERS

## METHOD OF WRITING NUMBERS

वर्गाक्षराणि वर्गेऽवर्गेऽवर्गाक्षराणि कात् ङ्मौ यः ।
खद्विनवके स्वरा नव वर्गेऽवर्गे नवान्त्यवर्गे वा ॥ २ ॥

**2. The** *varga* **letters ($k$ to $m$) (should be written) in the** *varga* **places and the** *avarga* **letters ($y$ to $h$) in the** *avarga* **places. (The** *varga* **letters take the numerical values 1, 2, 3, etc.) from $k$ onwards; (the numerical value of the initial** *avarga* **letter) $y$ is equal to $\dot{n}$ plus $m$ (*i.e.*, 5+25). In the places of the two nines of zeros (which are written to denote the notational places), the nine**

◀ ആര്യഭടീയത്തിന് ഭാസ്കര ഒന്നാമനും സോമേശ്വരനുമെഴുതിയ ഭാഷ്യത്തിൽനിന്ന്

# ആര്യഭടീയം-നൂതനവ്യാഖ്യാനങ്ങളും കണ്ടെത്തലുകളും

**ജ്യോതിശ്ശാസ്ത്രത്തെ ഗണിതം, കാലക്രിയ, ഗോളം എന്നിങ്ങനെ വേർതിരിച്ച് ഗണിതത്തെ പ്രത്യേക അധ്യായമാക്കി അവതരിപ്പിച്ച ലോകത്തിലെ ആദ്യ ജ്യോതിശ്ശാസ്ത്രജ്ഞനായ ആര്യഭടന്റെ ജന്മദേശം ഏതാണ്? ഭ്രഷ്ട് കല്പിച്ച് ബ്രാഹ്മണ്യത്തിൽനിന്ന് പുറത്താക്കപ്പെട്ട ആര്യഭടന്റെ ജന്മദേശം പാറ്റ്ന തന്നെയോ? നാളിതുവരെ കണ്ടെത്താതിരുന്ന ജ്യോതിശ്ശാസ്ത്ര തെളിവുകളുടെ അടിസ്ഥാനത്തിൽ ആര്യഭടൻ കേരളത്തിൽ തിരൂരിലുള്ള ചമ്രവട്ടക്കാരനായിരുന്നുവെന്ന് തെളിയിക്കുകയാണ് ലേഖകൻ.**

കെ.ചന്ദ്രഹരി

## 1. ആമുഖം

ശാസ്ത്രത്തിന്റെ പുരാതനവും ആധുനികവുമായ ചരിത്രത്തിൽ വെള്ളിനക്ഷത്രം പോലെ ശോഭയാർന്ന നാമമാണ് ആര്യഭടൻ. ശാസ്ത്രചരിത്രകാരന്മാരുടെ മനസ്സിൽ കാലത്തിന്റെ പിന്നാമ്പുറത്തുനിന്നും ഓടിയെത്തുന്ന യശസ്വികളായ പ്രതിഭകൾക്ക് ഏറ്റവും മുമ്പിൽ അദ്വിതീയമായ മഹിമയോടെ നിലകൊള്ളുന്ന ഭാരതീയ ശാസ്ത്രജ്ഞനാണ് ആര്യഭടൻ. ആധുനികകാലത്തിന് ആര്യഭടന്റേതായി ലഭ്യമായിരിക്കുന്ന ഏക കൃതി നൂറ്റിയിരുപത് ശ്ലോകങ്ങൾ മാത്രമുള്ള ആര്യഭടീയമാണ്. എന്നാൽ കിസ്തുവിന് ശേഷം ആറാം നൂറ്റാണ്ട് മുതലുള്ള ഭാരതീയ ജ്യോതിഃശാസ്ത്രഗ്രന്ഥങ്ങളിലെല്ലാം ആര്യഭടനെപ്പറ്റി പരാമർശവും ഭാസ്കരാചാര്യർ ഒന്നാമന്റെ കാലം (ക്രിസ്തുവർഷം 628) മുതൽ ആര്യഭടീയാധിഷ്ഠിതമായ ഒരു ജ്യോതിഃശാസ്ത്രപാരമ്പര്യവും ഭാരതത്തിൽ നിലനിൽക്കുന്നു. ലോകത്ത് മറ്റൊരു ശാസ്ത്രജ്ഞനും ലഭിക്കാത്ത നിസ്തുലമായ അഭിനന്ദനം കഴിഞ്ഞ ഒന്നര സഹസ്രാബ്ദത്തിൽ ആര്യഭടന് സിദ്ധമാണ്. ആര്യഭടന്റെ അന്യാദൃശമായ ഈ പ്രശസ്തിയുടെ കാരണമെന്താണ്? പതിനെട്ടാം നൂറ്റാണ്ടിൽ പഞ്ചസിദ്ധാന്തികൾക്ക് ആംഗലപരിഭാഷ നൽകിയ പാശ്ചാത്യനായ ജി. തിബോട്ടിനെ ആര്യഭടന്റെ ഖ്യാതിയാണ് അതിശയിപ്പിച്ചതെങ്കിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അമേരിക്കൻ ഭൗതികശാസ്ത്രജ്ഞനായ ഡെന്നിസ് ഡ്യൂക്കിനെ[1] അതിശയിപ്പിച്ചിരിക്കുന്നത് ആര്യഭടീയത്തിലെ ഗ്രഹമധ്യമങ്ങളുടെ അതീവസൂക്ഷ്മതയാണ്. 'ഒരു ഇന്ത്യൻ നിഗൂഢത' എന്ന തന്റെ പഠനത്തിൽ ഡ്യൂക്ക് കഴിഞ്ഞ രണ്ട് നൂറ്റാണ്ട് കാലത്തെ നിരവധി പഠനങ്ങളെ അവലോകനം ചെയ്ത്, വിമർശനങ്ങളെയും അഭിനന്ദനങ്ങളെയും പരിശോധിച്ചശേഷം ആര്യഭടന്റെ അതിശയിപ്പിക്കുന്ന കൃത്യത, എല്ലാ വിമർശനങ്ങളെയും അസാധുവാക്കുന്ന ഒരു നിഗൂഢതയാണെന്ന നിഗമനത്തോടെയാണ് അവസാനിക്കുന്നത്.

ആര്യഭടനെപ്പറ്റിയുള്ള പാശ്ചാത്യപഠനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് ഡോ. എച്ച്. കെൺ[2], റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ജേണലിൽ ക്രിസ്തുവർഷം 1863 ൽ പ്രസിദ്ധീകരിച്ച പഠനത്തോടെയാണ്. ഇൻഡോളജിസ്റ്റായ കോൾബ്രൂക്കിനെ താഴെക്കാണും വിധം ഉദ്ധരിച്ചുകൊണ്ടാണ് കെൺ തന്റെ പഠനം ആരംഭിച്ചിരിക്കുന്നത്.

"(ആര്യഭടൻ) ബീജഗണിതം ആദ്യമായി അവതരിപ്പിക്കുന്ന ഭാരതീയ ശാസ്ത്രജ്ഞൻ – ഒരുപക്ഷേ, തീർത്തും സ്വകീയമായതല്ല എന്ന് കരുതിയാൽത്തന്നെ നിശ്ചയമായും ലഭ്യമായ ജ്ഞാനത്തെ തന്റെ അനിതരസാധാരണമായ പ്രതിഭകൊണ്ട് മെച്ചപ്പെടുത്തിയെടുത്തതാണ്. ഭാരതത്തിൽ ഗണിതത്തിന് സിദ്ധമായ ഉന്നതിയുടെ ഏറ്റവും മെച്ചമായ പ്രകടനമാണത്". കോൾബ്രൂക്കിന്റെയും കെണിന്റെയും അഭിനന്ദനങ്ങളോടെ ആരംഭിച്ച പാശ്ചാത്യപഠനങ്ങൾ മനുഷ്യൻ ചന്ദ്രനിലെത്തിയതിന് ശേഷം ഭാരതീയ ശാസ്ത്രജ്ഞന്മാർ ചാന്ദ്രയാനം സ്വപ്നം കാണുന്ന ഈ കമ്പ്യൂട്ടർ യുഗത്തിലും ശാസ്ത്രകാരന്മാരുടെ വിസ്മയമായി നിലകൊള്ളുന്നുവെന്ന് ഡ്യൂക്കിന്റെ പഠനവും മുൻപറഞ്ഞ നിഗമനവും സൂചിപ്പിക്കുന്നു.

ആര്യഭടന്റേതായി അറിയപ്പെടുന്ന രണ്ട് പ്രസിദ്ധമായ കൃതികൾ ആര്യാർദ്ധരാത്ര സിദ്ധാന്തം, ആര്യൗദയികസിദ്ധാന്തം ഇവയാണ്. ഇവയിൽ ഔദയികപക്ഷം എന്ന് പ്രസിദ്ധമായ ആര്യഭടീയം മാത്രമേ പൂർണമായി ഇക്കാലത്ത് ലഭ്യമായിട്ടുള്ളൂ. ആർദ്ധരാത്രപക്ഷം ഭാസ്കരാചാര്യർ ഒന്നാമന്റെ ഉദ്ധരണികളിൽ നിന്നും ബ്രഹ്മഗുപ്തന്റെ (CE 628) ഖണ്ഡഖാദ്യകമെന്ന ബന്ധപ്പെട്ട കരണഗ്രന്ഥത്തിൽ നിന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആര്യഭടന്റെ പ്രമാണങ്ങൾ, കൃതികൾ ഇവ സംബന്ധിച്ച് ബ്രഹ്മഗുപ്തന്റെ കാലംമുതൽത്തന്നെ പല വിവാദങ്ങളും പ്രസിദ്ധങ്ങളാണ്. ഭാസ്കരാചാര്യർ ഒന്നാമൻ (CE 629) അശ്മകീയനെന്ന് വിശേഷണം നൽകുന്നുവെങ്കിലും കാലാന്തരത്തിൽ അശ്മകം എവിടെയെന്ന് തിട്ടമില്ലാതെ വരികയാൽ അദ്ദേഹത്തിന്റെ സ്വദേശവും ഗ്രന്ഥങ്ങളിൽ നിശ്ചിതമായ പരാമർശമില്ലാത്തതിനാൽ കാലവും പിൽക്കാലത്ത് വിവാദവിഷയങ്ങളായി. ആര്യഭടനെ ഏറ്റവും ശ്രദ്ധേയനാക്കുന്ന സംഗതി അദ്ദേഹം തന്റെ സംക്ഷിപ്തമായ ഗ്രന്ഥത്തിലൂടെ ഭാരതത്തിന് ചിട്ടപ്പെടുത്തി നൽകിയ ശാസ്ത്രീയതയുടെ രാജ-പാതയാണ്. ജ്യോതിഃശാസ്ത്രത്തിന്റെ ലോകചരിത്രത്തിൽ തന്നെ വിഷയത്തെ ഗണിതം, കാലക്രിയ, ഗോളം ഇങ്ങനെ വേർതിരിക്കുകയും ഗണിതത്തെ പ്രത്യേകമായ ഒരു അദ്ധ്യായമാക്കി അവതരിപ്പിക്കുകയും ചെയ്ത ആദ്യ ജ്യോതിഃശാസ്ത്രജ്ഞനും ഗണിതജ്ഞനും അദ്ദേഹമാണ്. ആര്യഭടീയത്തിന്റെ ശാസ്ത്രീയ ഘടനയും സംഗ്രഹണ സ്വഭാവവും ഏറ്റവും ആധുനികമായ ശാസ്ത്രപ്രബന്ധരചനാരീതിയെത്തന്നെ വെല്ലുംവിധം കാലാതീതമായി നിലകൊള്ളുന്നു. തിബോട്ടിന്റെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ ഭാരതീയഗണിതശാസ്ത്രത്തെയും വിദേശത്ത് നിന്ന് ലഭിച്ച ഖഗോളീയ ഗണിതവിജ്ഞാനത്തെയും സമന്വയിപ്പിച്ച് ജ്യോതിഃശാസ്ത്ര സിദ്ധാന്തങ്ങൾക്ക് വ്യക്തവും ചിട്ടയുമുള്ളതുമായ രൂപം നൽകി വ്യാഖ്യാനിച്ച ആദ്യ ഭാരതീയ ശാസ്ത്രജ്ഞനാണ് ആര്യഭടൻ.

ആര്യഭടന്റെ സ്ഥലകാലങ്ങൾ, കൃതികൾ ഇവയെ ചുറ്റിപ്പറ്റി നിൽക്കുന്ന അവ്യക്തതകളെയും വിവാദങ്ങളെയും വിശദമായി പരിശോധിക്കാനുള്ള ഒരു ശ്രമമാണ് ഈ പഠനം.

## 2. ഈ പഠനത്തിന്റെ പശ്ചാത്തലം

സ്വതന്ത്രഭാരതത്തിന്റെ അറുപതാം വർഷത്തിലും ഭാരതീയശാസ്ത്രചരിത്രകാരന്മാർ ആര്യഭടനെപ്പറ്റിയും ആര്യഭടീയത്തെപ്പറ്റിയും അശാസ്ത്രീയമായ ധാരണകൾ പുലർത്തിക്കാണുന്ന അനുഭവമാണ് ഈ ▶

1. Dennis W. Duke, Professor of Physics, Florida State University: 'An Indian Mystery' scheduled to appear in DIO Journal.
2. Dr. H. Kern, On Some Fragments of Aryabhata, 16 March 1863, Journal of the Royal Asiatic Society.



▲ പൂനയിലുള്ള ആര്യഭടന്റെ പ്രതിമ

**കടലിൽ പോയി ഗ്രഹണം കണ്ടതിന് ഭ്രഷ്ട് കൽപിക്കപ്പെട്ട ആര്യഭടൻ ബ്രാഹ്മണവിശ്വാസം ഉപേക്ഷിച്ച് ജൈനമതം സ്വീകരിക്കുകയും അങ്ങനെ ജൈനസമ്പർക്കത്താൽ കുസുമപുരത്തു പോകുകയും അവിടെയുണ്ടായിരുന്ന ജൈനവിദ്യാപീഠത്തിന്റെ കുലപതിയാകുകയും ചെയ്തു എന്നതാകണം ശരിയായ വസ്തുത**

▶ പഠനത്തിന് പ്രേരകമായി ഭവിച്ചത്. ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി പ്രസിദ്ധീകരിച്ച പല കൃതികളിലും ഇതര ജേണലുകളിൽ പ്രസിദ്ധീകൃതമായിക്കാണുന്ന പഠനങ്ങളിലും താഴെപ്പറയുന്ന വൈകല്യങ്ങൾ ദൃശ്യമാണ്.

1. ആര്യഭടീയത്തിന്റെ കരണാരംഭം ഗതകലി 3600 (499CE)[3] ആകുന്നു. ഈ ധാരണ ശരിയല്ല. സൗരവർഷമാനം അനുസരിച്ച് ആര്യാർദ്ധരാത്രസിദ്ധാന്തത്തിന്റെ കരണാരംഭമാണ് ഗതകലി 3600. ആര്യഭടീയത്തിന് കരണാരംഭം കേരളീയ പാരമ്പര്യത്തിൽ, ഹരിദത്തൻ (നാറാണത്ത് ഭ്രാന്തൻ) നൽകിയ വ്യാഖ്യാനമനുസരിച്ച് ഗതകലി 3623 (CE 522) കരണാരംഭമാകുന്നു. ഗണിതപരമായും[4] ഗ്രന്ഥരേഖകൾ വഴിയും ഈ വസ്തുത സിദ്ധമാണെങ്കിലും പ്രചലിതമായിരിക്കുന്ന സ്ഥൂലപക്ഷങ്ങൾ ശാസ്ത്രലോകത്ത് മേധാവിത്വം പുലർത്തിക്കാണുന്നു. കേരളീയ പാരമ്പര്യത്തിൽ ജ്യേഷ്ഠദേവന്റേതായി കരുതപ്പെടുന്ന ദൃക്കരണത്തിൽ ഹരിദത്തവ്യാഖ്യാനം-ഗിരിതുംഗേതി കല്യബ്ദേ ഗണിതം നിർമ്മിതം പരം ശാസ്ത്രം ആര്യഭടീയാഖ്യം...-എന്ന് രേഖപ്പെടുത്തിക്കാണുന്നു. ഗിരിതുംഗം കടപയാദി സങ്കേതമനുസരിച്ച് ഗതകലി 3623 ആകുന്നു.

2. ഭാരതീയശാസ്ത്രചരിത്രത്തിലെ ഏറ്റവും സങ്കീർണമായ അവ്യക്തതകളിലൊന്നാണ് ആര്യഭടന്റെ ദേശം. ഐതിഹ്യങ്ങളും ആര്യഭടീയത്തിലധിഷ്ഠിതമായ കേരളത്തിലെ ജ്യോതിഃശാസ്ത്രപാരമ്പര്യവും ആര്യഭടൻ കേരളീയനാണെന്ന ധാരണക്ക് ബലം നൽകുമ്പോൾ കുസുമപുരേഭ്യർച്ചിതം ജ്ഞാനം എന്ന ആചാര്യ പരാമർശത്താൽത്തന്നെ അദ്ദേഹം കുസുമപുരവാസിയായിരുന്നു എന്ന നിഗമനത്തിന് ഗവേഷകർ സാധുത കൽപിക്കുന്നു. ചരിത്രഗവേഷണത്തിന്റെ കഴിഞ്ഞ നൂറ്റാണ്ടിലേക്ക് തിരിഞ്ഞു നോക്കിയാൽകാണുന്നത് - ആധുനിക ഗവേഷണങ്ങളുടെ ആദ്യകാലത്ത് കേരളീയപാരമ്പര്യം ആര്യഭടീയാധിഷ്ഠിതമാണെന്ന വസ്തുത അടിസ്ഥാനമായും വ്യാഖ്യാതാക്കൾ മിക്കവരും കേരളീയരാണെന്നതിനാലും ചരിത്ര പണ്ഡിതന്മാർ ആര്യഭടൻ കേരളീയനാണെന്ന ധാരണ പുലർത്തിയിരുന്നു.

ഭാസ്കരാചാര്യർ ഒന്നാമനെപ്പറ്റി സുധാകരദ്വിവേദി, ശങ്കർ ബാലകൃഷ്ണദീക്ഷിത് മുതലായ പ്രചണ്ഡ പണ്ഡിതന്മാർക്ക് അറിവില്ലാതിരുന്ന കാലമായിരുന്നു ഇത്. പിൽക്കാല ഗവേഷണങ്ങൾ ഭാസ്കരീയ ചരിത്രം വെളിവാക്കിയപ്പോൾ ആര്യഭടൻ അശ്മകനാണെന്നും അശ്മകം എവിടെയാണെന്നുമുള്ള അന്വേഷണം ആരംഭിച്ചു. ആപ്തേയുടെ സംസ്കൃതനിഘണ്ടു അടിസ്ഥാനമായി അശ്മകം തിരുവിതാംകൂറാണെന്ന സങ്കൽപം തുടർന്ന് പ്രചരിക്കുകയുണ്ടായി. തുടർന്ന് വന്ന സ്വാതന്ത്ര്യാനന്തര ദശകങ്ങളിൽ ബൗദ്ധ-ജൈനരേഖകൾ ആസ്പദമായി അശ്മകം ഗോദാവരിക്കും നർമ്മദക്കുമിടയിലുള്ള വാകാടകരാജ്യത്തിന്റെ ഭാഗമായിരുന്നുവെന്ന ധാരണ ശക്തമാകുകയും ആര്യഭടൻ അങ്ങനെ കുസുമപുരത്തേക്ക് പോയ മഹാരാഷ്ട്ര സ്വദേശിയാണെന്ന ചിന്ത ബലപ്പെടുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ തന്നെ തീർത്തും വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് ഉൾക്കൊള്ളുന്നത്. പ്രൊഫ. കൃപാശങ്കർ ശുക്ലയുടെ ആര്യഭടീയത്തിന്റെ ആംഗലപരിഭാഷയിൽ ആര്യഭടൻ കുസുമപുരവാസിയും അശ്മകീയനുമാണെന്നും അശ്മകം വാകാടക ജനപദമാണെന്നുമു

3. CE 499, ക്രിസ്തുവർഷത്തിന് Common Era എന്ന് നൽകിയിരിക്കുന്ന ആധുനിക നാമാന്തരത്തിന്റെ ചുരുക്കമാണ് CE ആയി നൽകുന്നത്.
4. K.Chandra Hari, Genesis and Antecedents of Aryabhatiya, IJHS 37(2), 2002, pp.101-113, ആര്യഭടീയത്തെപ്പറ്റി തിരുവനന്തപുരത്ത് നടന്ന സിമ്പോസിയത്തിൽ അവതരിപ്പിച്ച പ്രബന്ധം പിന്നീട് Indian Journal of History of Science ൽ പ്രസിദ്ധീകരിച്ചു.

ള്ള ധാരണ പ്രചരിപ്പിക്കുന്നു. 'ശാസ്ത്രം ഇന്ത്യയിൽ' എന്ന ഭാരതത്തിലെ ശാസ്ത്രചരിത്ര സംബന്ധമായ പ്രസിദ്ധീകരണം വ്യത്യസ്തമായി ആര്യഭടൻ കേരളീയനാണെന്ന ധാരണ പുലർത്തുന്നു.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, ഇതര അന്തർദ്ദേശീയ പ്രസിദ്ധീകരണങ്ങൾ, വെബ്സൈറ്റുകൾ, മുതലായവ ഈ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളെ ആശ്രയിച്ച് പരസ്പരം വൈരുദ്ധ്യമാർന്ന വിവരങ്ങൾ ആര്യഭടനെപ്പറ്റി നൽകുന്നു. ആര്യഭടന്റെ കരണാരംഭം കലി 3623 (ശക 444) അഥവാ ക്രിസ്തുവർഷം 522 ആണെന്ന കേരളീയപാരമ്പര്യത്തിനും മതിയായ അംഗീകാരം ചരിത്രകാരന്മാർ നൽകിക്കാണുന്നില്ല.

ഐതിഹ്യങ്ങളും കൊടുങ്ങല്ലൂർ കൊടുംകല്ലൂർ (അശ്മകം) ആണെന്ന ഊഹാപോഹവും മാത്രമാണ് കേരളീയപാരമ്പര്യത്തിൽ ആര്യഭടനെ സംബന്ധിച്ച് ലഭ്യമായിരിക്കുന്ന വിവരങ്ങൾ. കൊടുങ്ങല്ലൂർ കൊടുംകോലൂർ ആയിരുന്നുവെന്ന് സൂചിപ്പിക്കുന്ന തമിഴ് രേഖകൾ ഈ ചിന്താഗതിയെ നിരാകരിക്കാൻ ഡോ. കെ. വി. ശർമ്മയെപ്പോലെയുള്ള ഗവേഷകരെ പ്രേരിപ്പിച്ചതിനാലാണ് കുസുമപുരവാസിയായി ആര്യഭടൻ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയുടെ ആര്യഭടീയത്തിൽ ചിത്രീകരിക്കപ്പെട്ടത്.

കേരളീയ ജ്യോതിഃശാസ്ത്രപാരമ്പര്യത്തിന്റെ മഹിമ വെളിച്ചത്തുകൊണ്ടുവരാൻ തന്റെ ജീവിതകാലം മുഴുവൻ അക്ഷീണം പരിശ്രമിച്ച ഗവേഷകനായ ഡോ.കെ. വി. ശർമ്മയ്ക്ക് തന്നെ ആര്യഭടന്റെ കേരളീയപാരമ്പര്യം നിഷേധിക്കാൻ പ്രേരകമായ സാഹചര്യങ്ങളാണ് ഭാരതത്തിലെ ആധുനിക ഗവേഷണ വൈകല്യങ്ങൾ സൃഷ്ടിച്ചത്. 'ആര്യഭടന്റെ നാമം, കാലം, ദേശം'[5] എന്ന ലേഖനത്തിൽ (2001) കേരളത്തിൽ പ്രചരിച്ചിരുന്ന അശാസ്ത്രീയമായ ധാരണകളെ അദ്ദേഹം സമൂലം നിഷേധിക്കുകയുണ്ടായി.

1. കൊടുങ്ങല്ലൂർ=കൊടുംകല്ലൂർ = അശ്മകം എന്ന വ്യാഖ്യാനം ശരിയല്ലെന്നും ആര്യഭടന്റെ കാലമായ ആറാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ കൊടുംകൊലൂർ ആയിരുന്നുവെന്നും രേഖകളുദ്ധരിച്ച് അദ്ദേഹം സ്ഥാപിക്കുകയുണ്ടായി.

2. ആര്യഭടീയത്തിന്റെ ഭാഷ്യകാരന്മാരെല്ലാം കേരളീയരാണെന്ന വാദവും കഴമ്പില്ലാത്തതാണെന്ന് തെളിവുകൾ സഹിതം വ്യക്തമാക്കി. പ്രഭാകരൻ, ഭാസ്കരൻ (വല്ലഭി, ഗുജറാത്ത്), സോമേശ്വരൻ (ഗുജറാത്ത്), സൂര്യദേവൻ (പൂംപുഹാർ), യല്ലയ്യ (ആന്ധ്ര), രഘുനാഥരാജൻ (അഹോബിലം കർണാടകം), മാധവ-വിരൂപാക്ഷൻ (ആന്ധ്ര), ഭൂതിവിഷ്ണു-ദേവരാജൻ (കാഞ്ചീപുരം), കോദണ്ഡരാമൻ (ആന്ധ്ര) ഇങ്ങനെ കേരളത്തിന് വെളിയിൽ നിന്നുള്ള ഭാഷ്യകാരന്മാരുടെയും ലല്ലാചാര്യർ ബ്രഹ്മദേവൻ, ദാമോദരൻ (ഭടതുല്യകാരൻ), വീരസിംഹഗണകൻ (ആര്യസിദ്ധാന്ത തുല്യകരണം) തുടങ്ങിയ ആര്യഭടപാരമ്പര്യത്തിൽ സംജാതമായ സ്വതന്ത്രകൃതികളുടെ കേരളീയരല്ലാത്ത കർത്താക്കന്മാരെപ്പറ്റിയും ഡോ. ശർമ സൂചിപ്പിക്കുന്നു.

ഭാസ്കരൻ ഒന്നാമന്റെ സമകാലികനായ ബ്രഹ്മഗുപ്തന്റെ വിമർശനവും പിൽക്കാലത്തുണ്ടായ ആര്യാർദ്ധരാത്രസിദ്ധാന്തതുല്യമായ ഖണ്ഡഖാദ്യകകരണവും ഏറെ പ്രസിദ്ധമാണ്.

3. കുസുമപുരം, പുഷ്പപുരം എന്നൊക്കെ അറിയപ്പെട്ട സ്ഥലം പാടലീപുത്രമാണെന്ന് പകൽപോലെ ചരിത്രരേഖകളിൽ നിന്നും വ്യക്തമായിട്ടും തൃശ്ശൂരിലെ പൂങ്കുന്നത്തെ കുസുമപുരമാക്കുന്ന ഗവേഷണത്തെയും തമിഴ്നാട്ടിനെ അശ്മകവും പൂംപുഹാറിനെ കുസുമപുരമാക്കുന്ന വാദത്തെയും അദ്ദേഹം പാടേ നിരാകരിക്കുകയുണ്ടായി.

**ആര്യഭടന്റെ കേരളീയപാരമ്പര്യം അബദ്ധജടിലമായ ഐതിഹ്യമാണെന്ന നിഗമനം ശാസ്ത്രലോകത്ത് പ്രചരിക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഈ പശ്ചാത്തലത്തിലാണ് ഒരു പുതിയ അന്വേഷണത്തിന് ഇവിടെ ഒരുമ്പെടുന്നത്. പതിനഞ്ചുനൂറ്റാണ്ടുകളുടെ കേരളീയ പാരമ്പര്യവും ആധുനിക ഗവേഷണങ്ങളുടെ രണ്ട് നൂറ്റാണ്ടുകളും അവ്യക്തത പുലർത്തുമ്പോൾ, ഒരു പുതിയ അന്വേഷണത്തിന് സാധ്യതകൾ കുറവാണ്.**

ആര്യഭടന്റെ കേരളീയപാരമ്പര്യം അബദ്ധജടിലമായ ഐതിഹ്യമാണെന്ന നിഗമനം ശാസ്ത്രലോകത്ത് പ്രചരിക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഈ പശ്ചാത്തലത്തിലാണ് ഒരു പുതിയ അന്വേഷണത്തിന് ഇവിടെ ഒരുമ്പെടുന്നത്. പതിനഞ്ചുനൂറ്റാണ്ടുകളുടെ കേരളീയ പാരമ്പര്യവും ആധുനിക ഗവേഷണങ്ങളുടെ രണ്ട് നൂറ്റാണ്ടുകളും അവ്യക്തത പുലർത്തുമ്പോൾ, ഒരു പുതിയ അന്വേഷണത്തിന് സാധ്യതകൾ കുറവാണ്. പഴയ ലേഖനങ്ങളിലെ ഊഹാപോഹങ്ങളെ തിരിച്ചും മറിച്ചും മാറ്റിയെഴുതുകയോ, അവയെ വാചാലമായി അവതരിപ്പിച്ച് കേരളീയജ്യോതിഃശാസ്ത്ര പാരമ്പര്യത്തിന് അൽപം കൂടി ധവളിമ പകരുകയോ അല്ല ഇവിടെ ലക്ഷ്യം. ആര്യഭടീയം അടിസ്ഥാനമായി നടത്തിയ ഒരു ശാസ്ത്രീയപര്യവേക്ഷണത്തിന്റെ ഇംഗ്ലീഷ് ജേണലുകളിൽ പ്രസിദ്ധമായ പ്രബന്ധങ്ങളുടെ ഒരു സംഗ്രഹിതരൂപം മലയാളത്തിൽ കഴിയുന്നത്ര ലളിതമായി അവതരിപ്പിക്കാനാണ് ഇവിടെ ശ്രമം.

## 3. ചമ്രവട്ടം - ശാസ്ത്രലോകത്തിന് കേരളത്തിലൊരു പുണ്യഭൂമി

പഠനത്തിന്റെ അഥവാ പുതിയ കണ്ടെത്തലുകളുടെ ഗതിയെ മാറ്റിനിർത്തി, കേരളീയ സമൂഹത്തിന് ഏറ്റവും അഭിമാനകരമായ വസ്തുത തന്നെ ആദ്യം പറയുകയാണ്. ആര്യഭടീയം നൽകുന്ന തെളിവുകളനുസരിച്ച് (ഈ പഠനത്തിന്റെ രണ്ടാംഭാഗത്തിലെ ജ്യോതിഃശാസ്ത്രപരമായ ചർച്ചയുടെ നിഗമനങ്ങൾ) ആര്യഭടന്റെ ജീവിതംകൊണ്ട് ധന്യമായ നമ്മുടെ പുണ്യഭൂമിയുടെ അക്ഷാംശവും രേഖാംശവും ആകുന്നു. പൊന്നാനിക്കടുത്ത്, ഭാരതപ്പുഴയുടെ കരയിൽ ശാസ്താവിന്റെ സാന്നിദ്ധ്യം കൊണ്ട് ധന്യമായ ചമ്രവട്ടം. ഈ ചമ്രവട്ടം ഭാസ്കരാചാര്യർ -ഒന്നാമൻ പറയുന്ന അശ്മകജനപദത്തിന്റെ ഭാഗമായിരുന്നു.

ആര്യഭടന്റെ ദേശം സംബന്ധിച്ച വിവാദവും പുതിയ തെളിവുകളും - കുസുമപുരവും ചമ്രവട്ടവും എങ്ങനെ ശരിയാകും?

ആര്യഭടന്റെ സ്ഥലം ഏതാണ്? ആര്യഭടന്റെ ലഭ്യമായ കൃതിയിൽ, ഗീതങ്ങളിൽ ലഭ്യമായ ഒരേ ഒരു സ്ഥലനാമം കുസുമപുരമാണ്. ആര്യഭടനാൽ പരാമർശിക്കപ്പെടുന്ന കുസുമപുരം ഗംഗയുടെ തീരത്ത് (ഇന്നത്തെ പാറ്റ്ന, പഴയ പാടലീപുത്രത്തിന് സമീപം) ജൈനസംസ്കൃതിയുടെ കേന്ദ്രമായിരുന്ന നഗരിയാണ്. ജൈനതീർത്ഥങ്കരനായ മഹാവീരനുമായി ബന്ധപ്പെട്ട ഈ സ്ഥലത്ത് ചന്ദ്രഗുപ്തമൗര്യന്റെ മാതാമഹനായ ഉദയഭദ്രനാണ് ഈ നഗരവും ഇവിടെ വിശ്വപ്രസിദ്ധമായ നാളന്ദയെന്ന വിശ്വവിദ്യാലയവും സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു. മഹാവീരനുംപ്പെടെ പല ജൈനസിദ്ധന്മാരും ഗണിതത്തിൽ നിഷ്ണാതരും സൂര്യപ്രജ്ഞപ്തി, ജംബുദ്വീപപ്രജ്ഞപ്തി മുതലായ ഗണിതകൃതികൾ ജൈനപാരമ്പര്യത്തിൽ ലഭ്യമാകുകയും ചെയ്തു. ഉത്തരഭാരതത്തിലെ ഈ ജ്ഞാനകാണ്ഡം ഭദ്രബാഹുവിനൊപ്പം ശ്രാവണബൽഗോളയിലും (മൈസൂർ, ക്രി.മു. 300) തുടർന്ന് കേരളത്തിലുമെത്തിയപ്പോൾ കുസുമപുരം കേരളത്തിലും പ്രഖ്യാതമായി. ഈ ജൈനപാരമ്പര്യം ഉത്തരകേരളത്തിൽ ഇന്നും ദൃശ്യമാണ്. കുസുമപുരത്തിന്റെ ഈ പശ്ചാത്തലത്തിൽ നിന്നു വേണം നാം ആര്യഭടന്റെ ബന്ധപ്പെട്ട പരാമർശത്തെയും അദ്ദേഹത്തിന്റെ കേരളവുമായുള്ളതായി ഐതിഹ്യങ്ങൾ പറയുന്ന പൊക്കിൾക്കൊടി ബന്ധത്തെയും വ്യാഖ്യാനിക്കേണ്ടത്.

ആര്യഭടീയം, ഗണിതപാദത്തിലെ ആദ്യ ▶

5. KV Sarma, 'Aryabhata, His Name, Time and Provenance', Indian Journal of History of Science, December 2001, 105-115.



ഫോട്ടോ അരുൺപ്രഭാകർ

▲ ചമ്രവട്ടം ശാസ്താക്ഷേത്രം

**രാജ്യം ത്യജിച്ച് യോഗിയായി മാറിയ മഹായോദ്ധാവായ ബാഹുബലിയാണ് ശാസ്താവെന്ന ചമ്രവട്ടത്തപ്പൻ. നിഷ്ഠയുടെയും നിസ്വാർത്ഥതയുടെയും മൂർത്തിയായ യോഗീശ്വരൻെറ, കലികാല ജൈനസിദ്ധനെ പിൽക്കാലത്ത് ചമയ്ക്കപ്പെട്ട വ്യാജ പുരാണങ്ങൾ കള്ളക്കഥയിലൂടെ വൈഷ്ണവമൂർത്തിയാക്കി. കർണാടകയിലെ അഥവാ ദക്ഷിണഭാരതത്തിലെ ജൈനപാരമ്പര്യം വൈഷ്ണവ സമ്പ്രദായത്തിന് വഴിമാറിയത് ചമ്രവട്ടത്തപ്പൻെറ പേരുമാറ്റത്തിന് കാരണമായിത്തീർന്നുവെന്ന് കരുതാം.**

▶ ശ്ലോകത്തിലാണ് കുസുമപുരം പരാമർശിക്കപ്പെടുന്നത്.

ബ്രഹ്മകുശശിബുധഭൃഗുരവികുജഗുരു
കോണഭഗണാൻ നമസ്കൃത്യ
ആര്യഭടസ്ത്വിഹ നിഗദതി കുസുമപുരേ
ഭ്യർച്ചിതം ജ്ഞാനം

ബ്രഹ്മം, ഭൂമി, ചന്ദ്രൻ, ബുധൻ, ശുക്രൻ, രവി, കുജൻ, ഗുരു, ശനി, താരാഗണങ്ങൾ ഇവയെ വന്ദിച്ച് ആര്യഭടനിവിടെ കുസുമപുരത്തിൽ വാഴ്ത്തപ്പെടുന്ന അറിവിനെ ചൊല്ലുന്നു.

ആര്യഭടീയത്തിന് ഒരു നൂറ്റാണ്ടിന് ശേഷം ഭാസ്കരീയം രചിച്ച ഭാസ്കരാചാര്യർ ഒന്നാമൻ (CE 629) ഈ ശ്ലോകത്തിൻെറ വ്യാഖ്യാനത്തിൽ, കുസുമപുരം പാടലീപുത്രമാണെന്ന് വ്യക്തമായി പറയുന്നു. കുസുമപുരേഭ്യർച്ചിതം ജ്ഞാനം ഭാസ്കരൻെറ അഭിപ്രായത്തിൽ ആര്യഭടീയത്തിന് കാതലായ സ്വായംഭുവ അഥവാ ബ്രഹ്മസിദ്ധാന്തമാണ്. ഗോളപാദം 49–50 ശ്ലോകങ്ങളിലായി ആര്യഭടൻ പറയുന്നത് ശ്രദ്ധിച്ചാൽ നമുക്ക് ഈ വസ്തുത ഭംഗിയായി മനസ്സിലാക്കാം.

സദസജ്ജ്ഞാനസമുദ്രാത് സമുദ്ധൃതം
ബ്രഹ്മണഃ പ്രസാദേന
സജ്ജ്ഞാനോത്തമരത്നം മയാ നിമഗ്നം
സ്വമതിനാവാ

ബ്രഹ്മദേവൻെറ പ്രസാദത്താൽ പ്രാപഞ്ചികമായ ജ്ഞാനത്തിൻെറ ഈ ഉത്തമരത്നം ബുദ്ധിയാകുന്ന തോണിയാൽ സൃഷ്ടവും അസൃഷ്ടവുമായ സ്ഥിതികളുടെ അറിവിൻെറ സമുദ്രത്തിൽ നിന്നും എന്നാൽ ഉദ്ധരിക്കപ്പെട്ടു.

ആര്യഭടീയം നാമ്നാ പൂർവ്വം സ്വായം
ഭുവം സദാ സത്യം
സുകൃതായുഷോഃ പ്രണാശം കുരുതേ
പ്രതികഞ്ചുകം യോസ്യ

ഈ ആര്യഭടീയം, പൂർവ്വമായി നിലനിന്ന, നാശമില്ലാത്ത സ്വായംഭുവസിദ്ധാന്തം തന്നെയാണ്. സത്യമായ ഈ കൃതിയെ അനുകരിക്കുന്നവരുടെയും വിമർശിക്കുന്നവരുടെയും ആയുസ്സും സുകൃതവും നശിക്കുന്നു.

ജൈനതീർത്ഥങ്കരന്മാരിൽ ഋഷഭനെ അഥവാ ആദിനാഥനെ സൃഷ്ടികർത്താവായ സ്വയംഭൂവായ ബ്രഹ്മൻെറ അവതാരമായി ജൈനർ പരിഗണിക്കുന്നു. സത്-അസത് അതായത് സൃഷ്ടവും അസൃഷ്ടവുമായ ജ്ഞാനസമുദ്രത്തിൽ സ്വയംഭൂവാകുന്ന ബ്രഹ്മദേവൻെറ അവതാരമാണ് ആദിതീർത്ഥങ്കരൻ. ആദിയിൽ ജ്ഞാനം, അറിവ് മാത്രമാണുണ്ടായിരുന്നത്. അറിവിൽ നിന്നാണ് സ്വയംഭൂവായ ആദിനാഥനും പ്രപഞ്ചവും ഉണ്ടാകുന്നത്. അങ്ങനെ ജൈനരുടെ ജ്ഞാനദേവനായ ബ്രഹ്മനെയാണ് ആര്യഭടൻ തൻെറ കൃതിയുടെ ആദ്യശ്ലോകത്തിലും വന്ദിക്കുന്നത്.

പ്രണിപത്യൈകമനേകം കം സത്യാം
ദേവതാം പരം ബ്രഹ്മ
ആര്യഭടസ്ത്രീണി ഗദതി ഗണിതം കാല
ക്രിയാം ഗോളം

(1)

പരമസത്യമായ ബ്രഹ്മദേവനെ, ഒന്നും അനവധിയുമായ ബ്രഹ്മത്തെ പ്രണമിച്ച് ആര്യഭടൻ ത്രിവിധമായിരിക്കുന്ന ഗണിതം, കാലക്രിയ, ഗോളം ഇവയെ പറയുന്നു.

കുസുമപുരവുമായി ആര്യഭടനെ ബന്ധപ്പെടുത്തുന്ന എല്ലാ ഐതിഹ്യങ്ങൾക്കും ഐതിഹ്യാടിസ്ഥാനത്തിൽ ചമക്കപ്പെട്ട ശ്ലോകങ്ങൾക്കും അടിസ്ഥാനം അദ്ദേഹത്തിൻെറ മുകളിൽ പറഞ്ഞ പരാമർശമാണ്. ജ്ഞാനവിജ്ഞാനങ്ങളുടെ വിളനിലമായ കുസുമപുരത്തിൽ വാഴ്ത്തപ്പെട്ട സിദ്ധാന്തം എന്നുമാത്രമേ ഈ പരാമർശത്തിന് അർത്ഥമുള്ളൂ. പിൽക്കാലത്ത് ഈ വസ്തുത മറന്ന് ആര്യഭടനെ കുസുമപുരനി

വാസിയാക്കുന്ന വിധത്തിൽ ശ്ലോകങ്ങൾ ചമയ്ക്കപ്പെട്ടു –

സൂര്യഃ സ്വയം കുസുമപുര്യഭവത് കലൗ തു
ഭൂഗോളവിദ് കുലപഃ ആര്യഭടാഭിധാനഃ[6]

കലികാലത്തിൽ സൂര്യൻ സ്വയം കുസുമപുരിയിൽ ഭൂഗോളവിദ്വാനായും കുലപതിയായും ആര്യഭടനെന്ന പേരോടെ അവതരിച്ചു.

ആര്യഭടന്റെ കൃതികൾക്ക്, പ്രധാനമായും ആര്യഭടീയത്തിന്, ഭാരതത്തിലും അറബികളുടെ ഇടയിലും സിദ്ധിച്ച പ്രചാരത്തെപ്പറ്റി ചരിത്രകാരന്മാരെല്ലാം ഏകാഭിപ്രായക്കാരാണ്. ഭാഷ്യകാരന്മാരിൽ പെട്ട ആര്യഭടശിഷ്യനായ പ്രഭാകരനെപ്പറ്റി മറ്റു പണ്ഡിതന്മാരുടെ പരാമർശം മാത്രമേ ലഭ്യമായിട്ടുള്ളൂ. ക്രിസ്തുവർഷം 629ൽ പശ്ചിമഗുജറാത്തിലെ വല്ലഭിയിൽ (സൗരാഷ്ട്രം) ജീവിച്ചിരുന്ന ഭാസ്കരാചാര്യർ ഒന്നാമൻ ആര്യഭടശിഷ്യപരമ്പരയിലെ ഏറ്റവും പ്രസിദ്ധനായ വ്യാഖ്യാകാരനാണ്. തന്റെ ആര്യഭടീയഭാഷ്യത്തിന് [7] പുറമെ, മഹാഭാസ്കരീയം, ലഘുഭാസ്കരീയം[8] എന്നിങ്ങനെ അറിയപ്പെട്ട അദ്ദേഹത്തിന്റെ കർമനിബന്ധം ആര്യഭടീയത്തിന് ഏറ്റവും പ്രാമാണികമായ ഭാഷ്യം നൽകി. ദക്ഷിണഗുജറാത്തിലെ ഭില്ലമലയിൽ ജീവിച്ചിരുന്ന ബ്രഹ്മഗുപ്തൻ ക്രിസ്തുവർഷം 628ൽ വിമർശനത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിട്ടുവെങ്കിലും പിൽക്കാലത്ത് ആര്യാർദ്ധരാത്രസിദ്ധാന്തം ആസ്പദമാക്കി ഖണ്ഡഖാദ്യകമെന്ന കരണഗ്രന്ഥം രചിച്ച് ആര്യഭടന്റെ ഖ്യാതിക്കു മുമ്പിൽ അടിയറവ് പറഞ്ഞു. സോമേശ്വരന്റെ വ്യാഖ്യാനം ലഭ്യമെങ്കിലും അദ്ദേഹത്തിന്റെ കാലം തിട്ടമല്ല. പതിനൊന്നാം നൂറ്റാണ്ടാകാം എന്ന അഭ്യൂഹം ശുക്ലയുടെ ആര്യഭടീയത്തിന്റെ ആംഗലപരിഭാഷയിൽ നൽകിയിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ചോളരാജധാനിയെ (ഗംഗാപുരി അഥവാ ഗംഗൈകൊണ്ട ചോളപുരം) അലങ്കരിച്ചിരുന്ന സൂര്യദേവസോമസുതനാണ് (യജ്വാൻ, ദീക്ഷിതർ എന്നും പേര് രേഖപ്പെടുത്തിക്കാണുന്നു) (ജനനം: ക്രിസ്തുവർഷം 1192) മറ്റൊരു പ്രസിദ്ധ വ്യാഖ്യാതാവ്. ആര്യഭടനെപ്പറ്റി സ്ഥലകാലസംബന്ധിയായി കാര്യമായ വിവരങ്ങളൊന്നും സൂര്യദേവൻ നൽകുന്നില്ല. ആര്യഭടൻ നൽകുന്ന ജൈന-യുഗഘടനയുടെ വ്യാഖ്യാനം തനിക്കു വ്യക്തമല്ലെന്ന് പറയുന്ന സൂര്യദേവൻ ഗോളം, ശ്ലോകം 14ന്റെ വ്യാഖ്യാനത്തിൽ ഉജ്ജയിനിയുടെ രേഖാംശം 24 ഡിഗ്രിയാണെന്ന് വരുംവിധം ശ്ലോകത്തിൽ പഞ്ചദശാംശേ എന്ന് മാറ്റം വരുത്തുന്നു.

സൂര്യദേവനുശേഷം കേരളീയരായ പരമേശ്വരനും (AD 1450) നീലകണ്ഠ സോമയാജിയും (AD 1500) ആര്യഭടീയത്തിന് വ്യാഖ്യാനങ്ങൾ രചിച്ചുവെങ്കിലും, ആർക്കും തന്നെ ആര്യഭടനെപ്പറ്റി ഭാസ്കരൻ-I പറയുന്നതിൽ കവിഞ്ഞ് യാതൊരു വിവരവും ലഭ്യമായിരുന്നില്ല. ഭൂതിവിഷ്ണു (കാഞ്ചീപുരം), രഘുനാഥരാജൻ, യല്ലയ്യ ഇങ്ങനെ ആര്യഭടീയത്തിന് വിശകലനം നൽകിയ വിദ്വാന്മാരും ഭാസ്കരീയം, കരണരത്നം, ഗ്രഹചാരനിബന്ധനം, ശിഷ്യധീവൃദ്ധിദം, കരണപ്രകാശം, ഭടതുല്യം ഇങ്ങനെ നിരവധി കൃതികളിലൂടെ ആര്യഭടനെ കാലാനുസൃതമായി പിന്തുടരുന്നവരുമുണ്ടായിട്ടും ആര്യഭടന്റെ സ്വദേശം എവിടെയാണെന്നത് തർക്കവിഷയമാണ്. ഔദ്യോഗിക-ഗവേഷണത്തിന്റെ ചുക്കാൻ പിടിക്കുന്നവർ അശ്മകം, കുസുമപുരം മുതലായി ഭാസ്കരൻ-I പറയുന്ന വിവരങ്ങളെ ആശ്രയിച്ച് ആര്യഭടൻ ഗോദാവരിയുടെ തെക്കൻകരയിൽ അശ്മകമെന്ന ജനപദത്തിൽ പിറന്ന് കുസുമപുരത്ത് കുലപതിയായി ജീവിച്ചയാളാണ്. സൗരാഷ്ട്രവും അപരാന്തകവും കൊങ്കണവുംപോലെ ജൈന-ബൗദ്ധരേഖകളിലെ അശ്മകം പ്രാചീന ജനപദമായിരുന്നെങ്കിൽ ഇന്ന് നിലനിൽക്കുന്ന അവ്യക്തതക്ക് ഒരു കാരണവുമില്ല. ജൈന-ബൗദ്ധ പാലിലിഖിതങ്ങളെ ആശ്രയിച്ച് അശ്മകം ഗോദാവരിയുടെ തെക്കൻകരയെന്ന് പറയുന്നവർ ആറാം നൂറ്റാണ്ടിൽ ഇങ്ങനെയൊരു രാജ്യം നിലനിന്നതായി വ്യക്തമായി പറയുന്നില്ല.

ഭാസ്കരൻ-I പറയുന്ന അശ്മകം ഏത് സ്ഥലമാണ്? ആര്യഭടന്റെ സ്ഥലം സംബന്ധിച്ച വിവാദങ്ങൾക്കടിസ്ഥാനംതന്നെ അശ്മകം സംബന്ധിച്ച അവ്യക്തതയാണ്.

## ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ

ആര്യഭടന്റെ സ്വദേശത്തെപ്പറ്റി ചരിത്രകാരന്മാർ നൽകുന്ന പ്രധാന വിവരണങ്ങൾ താഴെ നൽകുന്നു.

**ശങ്കരബാലകൃഷ്ണദീക്ഷിത്**
**(ഭാരതീയ ജ്യോതിഃശാസ്ത്രം, ഭാഗം-II)**

ആര്യഭടീയം ആസ്പദമായ കാലഗണിതം മഹാരാഷ്ട്രയിലും വാരാണസിയിലും ശക. 1400ന് ശേഷം നിലവിലില്ല. ആര്യസിദ്ധാന്തം നിലനിൽക്കുന്നത് ദക്ഷിണഭാരതത്തിലും പ്രത്യേകിച്ച് മലബാർ ദേശത്തുമാണ്. തമിഴ്-മലയാളദേശങ്ങളിലെ സൗര-പഞ്ചാംഗണന ആര്യഭട പാരമ്പര്യത്തിലധിഷ്ഠിതമാണ്. Dr. Kern പ്രസിദ്ധീകരിച്ച ആര്യഭടീയം മൂന്ന് മലയാളത്തിലുള്ള കൈയെഴുത്ത് പ്രതികളെയാണ് അവലംബിച്ചത്. കർണാടകത്തിലെയും മൈസൂരിലെയും വലിയ ജനവിഭാഗമായ വൈഷ്ണവർ ആര്യപക്ഷം പിന്തുടരുന്നവരാണെന്നും ദീക്ഷിത് പറയുന്നു. ആര്യസിദ്ധാന്തം പാറ്റ്നയെ (കുസുമപുരം) ഉൾക്കൊള്ളുന്ന ബംഗാൾ ദേശത്ത് പ്രസിദ്ധമല്ലെന്ന വസ്തുതയും കുസുമപുരം ദക്ഷിണദേശത്തുള്ള ഏതോ സ്ഥലമായിരിക്കാൻ സാദ്ധ്യതയുണ്ടെന്നും, തീർപ്പ് കൽപിക്കാനാകില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

**പ്രൊഫ. കൃപാശങ്കർ ശുക്ല.**
**ഡോ. കെ.വി. ശർമ**

ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി പ്രസിദ്ധീകരിച്ച ആര്യഭടീയത്തിന്റെ ആംഗലപരിഭാഷയിൽ "സംശയത്തിന്റെ ഛായ ഒട്ടുംതന്നെ ഇല്ലാതെ ആര്യഭടൻ കുസുമപുരത്ത് (ഇന്നത്തെ പാറ്റ്ന) ജീവിച്ചിരുന്നതായി" വ്യക്തമാക്കപ്പെടുന്നു.

ആര്യഭടനെപ്പറ്റിയുള്ള ഗവേഷണത്തിൽ ഭാസ്കരൻ ഒന്നാമന്റെ ആശ്മകീയം എന്ന ആര്യഭടീയത്തിന് ലഭ്യമായ വിശേഷണം കാര്യമായ ചർച്ചക്ക് വിഷയമായിട്ടുണ്ട്. കൃപാശങ്കർ ശുക്ലയുടെ ഭാസ്കര-സോമേശ്വരഭാഷ്യങ്ങളുടെ പ്രസിദ്ധീകരണത്തിൽ[9] ബൗദ്ധരുടെ പാലിലിഖിതങ്ങളെ ഉദ്ധരിച്ച് മഹാജനപദമായിരുന്ന അശ്മകം ഗോദാവരിക്കും നർമ്മദക്കും ഇടയിൽ (ഗോദാവരിക്കും മാഹിഷ്മതിക്കും ഇടയിൽ) സ്ഥിതിചെയ്തിരുന്നുവെന്ന് പറയുന്നു. ഔറംഗബാദിന് തെക്ക് കിഴക്കാണ് അശ്മകത്തിന്റെ തലസ്ഥാനമായ പ്രതിഷ്ഠാനം അഥവാ ജൈനരുടെ പൊയണപുരം എന്നും ശുക്ല പറയുന്നു. ഉത്തര-പശ്ചിമേന്ത്യയിലും ഒരു അശ്മകം നിലനിന്നതായി വരാഹമിഹിരനെയും ഗ്രീക്ക് രേഖകളെയും ഉദ്ധരിച്ച് പലരും സിദ്ധാന്തിക്കുന്നു. വല്ലഭിയിൽ താമസിച്ചിരുന്ന ഭാസ്കരൻ ഒന്നാമൻ പറയുന്ന അശ്മകം ഇന്ദ്രപുരിയായ ഇൻഡോറിന് തെക്കുണ്ടായിരുന്ന അശ്മകമാണെന്ന് ശുക്ല തറപ്പിച്ച് പറയുന്നു.

## 4. അശ്മകം എവിടെ?

കാര്യമായ വൈകല്യങ്ങളുള്ള നിഗമനങ്ങളാണ് ഇവിടെ ലഭ്യമാകുന്ന ഗവേഷണ പശ്ചാത്തലം. താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ കൂടുതൽ ശാസ്ത്രീയവും വിശ്വസനീയവുമായ നിഗമനത്തിലെത്തുക സാദ്ധ്യമാണ്.

1. ആര്യഭടന്റെ പ്രസിദ്ധമായ പ്രാണേനൈതി കലാംഭൂഃ എന്ന വാക്യത്തിലെ ഭൂവിനെ ഭം ആക്കി ഭൂമിയല്ല നക്ഷത്രചക്രമാണ് കറങ്ങുന്നത് എന്ന് സിദ്ധാന്തിച്ച ഭാസ്കരൻ ആര്യഭടന്റെ നേർശിഷ്യനല്ല. ആര്യഭടന് ഒരു നൂറ്റാണ്ടിന് ശേഷം ജീവിച്ച ശൈവനാണ് വല്ലഭിയിൽ നാം കാണുന്ന ഭാസ്കരൻ. ഭാസ്കരൻ വിശേഷിപ്പിക്കുന്ന തരത്തിലുള്ള ആശ്മകീയ ജ്യോതിർഗണിതം-ഒരു ഗണിതപാരമ്പര്യം- നിലനിന്ന ഒരേയൊരു സ്ഥലം കേരളമാണ്. മഹാരാഷ്ട്രയിലോ, മാഹിഷ്മതിയിലോ ഒരു സിദ്ധാന്തമോ, ആചാര്യനോ, ശിഷ്യപരമ്പരയോ ഐതിഹ്യങ്ങൾ പോലുമില്ല.

2. കേരളീയമായ ആര്യഭടീയത്തിന് ആശ്മകീയം എന്ന് ഭാസ്കരൻ എന്തുകൊണ്ട് വിശേഷണം നൽകി?

(a) ഭാസ്കരാചാര്യർ-I, ചീനസഞ്ചാരിയായ ഹുയാൻസാങ്ങിന്റെ യാത്രാകാ ▶

6. Dr. Kern 1874 ൽ (Leden, Holland) പ്രസിദ്ധീകരിച്ച ആര്യഭടീയത്തിന്റെ ആംഗലപരിഭാഷയിൽ ഉദ്ധൃതമായ ഈ ശ്ലോകത്തിന്റെ ഉറവിടം വ്യക്തമല്ലെന്ന് ശങ്കർ ബാലകൃഷ്ണ ദീക്ഷിത് ഭാരതീയ ജ്യോതിഃശാസ്ത്ര ചരിത്രത്തിൽ പറയുന്നു. ഭാഗം: II പുറം 60.
7. ആര്യഭടീയം -ഭാസ്കര (ക), സോമേശ്വര ഭാഷ്യങ്ങളോടെ, പരിശോധകൻ: കൃപാശങ്കർ ശുക്ല, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി, ന്യൂഡൽഹി. (1976).
8. മഹാഭാസ്കരീയവും ലഘുഭാസ്കരീയവും കൃപാശങ്കർശുക്ലയുടെ പരിശോധനയോടും ആമുഖത്തോടും ലക്നൗ സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.
9. Aryabatiya with the commentary of Bhaskara-I and Somesvara. p. xxv, Indian National Science Academy (1976), New Delhi-2.

ലത്ത് (AD 630-644) സൗരാഷ്ട്രയിലെ രാജാവായിരുന്ന ബൗദ്ധനായ ധ്രുവഭട്ടന്റെ ആശ്രിതനായിരുന്നിരിക്കാമെന്ന് കരുതപ്പെടുന്നു.

(b) ശൈവനായ ഭാസ്കരൻ, കേരളത്തിൽ ജൈനപാരമ്പര്യത്തിൽ ഉത്ഭവിച്ച ജ്യോതിർഗണിതത്തിന് അശ്മകീയം എന്ന് പേർ വിളിക്കാനിടയുണ്ടോ?

(c) ജൈനരുടെ അശ്മകം എവിടെയാണ്? മൗര്യകാലം മുതൽ നിലനിൽക്കുന്ന ശ്രവണബൽഗോളയിലെയും ധർമ്മസ്ഥലയിലെയും ജൈന-ജനപദങ്ങൾ,അശ്മകീയനായിരുന്ന ബാഹുബലിയുടെ രാജ്യത്തിന്റെ ഭാഗമായിരുന്നില്ലേ? ശ്രവണബൽഗോളയുടെ അക്ഷാംശം 12 N 51ഉം രേഖാംശം 76 E 29ഉം ആകുന്നു. ധർമ്മസ്ഥലയുടേത് അക്ഷാംശം 12 N 53ഉം രേഖാംശം 75 E 23ഉം ആകുന്നു. ഈ സാഹചര്യത്തിൽ, രണ്ട് ഡിഗ്രി മാത്രം തെക്കായ (10 N 51 ഉം 75 E 45ഉം) ചമ്രവട്ടത്തപ്പന്റെ സ്ഥാനമായ ചമ്രവട്ടം ജൈനരുടെ പുണ്യഭൂമിയായ അശ്മകത്തിന്റെ ഭാഗമായിരുന്നു എന്ന് കരുതുന്നതിൽ തെറ്റുണ്ടോ?

**ആര്യഭടന്റെ സ്ഥലം ഏതാണ്? ആര്യഭടന്റെ ലഭ്യമായ കൃതിയിൽ, ഗീതങ്ങളിൽ ലഭ്യമായ ഒരേ ഒരു സ്ഥലനാമം കുസുമപുരമാണ്. ആര്യഭടനാൽ പരാമർശിക്കപ്പെടുന്ന കുസുമപുരം ഗംഗയുടെ തീരത്ത് (ഇന്നത്തെ പാറ്റ്ന, പഴയ പാടലീപുത്രത്തിന് സമീപം) ജൈനസംസ്കൃതിയുടെ കേന്ദ്രമായിരുന്ന നഗരിയാണ്. ജൈന തീർത്ഥങ്കരനായ മഹാവീരനുമായി ബന്ധപ്പെട്ട ഈ സ്ഥലത്ത് ചന്ദ്രഗുപ്തമൗര്യന്റെ മാതാമഹനായ ഉദയഭദ്രനാണ് ഈ നഗരവും ഇവിടെ വിശ്വപ്രസിദ്ധമായ നാളന്ദയെന്ന വിശ്വവിദ്യാലയവും സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു.**

(d) ജൈനരുടെ ഐതിഹ്യമനുസരിച്ച് ഋഷഭദേവന്റെ ജ്യേഷ്ഠപുത്രനായ ഭരതൻ അയോദ്ധ്യ തലസ്ഥാനമാക്കി ഉത്തരഭാരതവും ഇളയ മകൻ ബാഹുബലി (അശ്മകൻ?) പൊയണപുരം ആസ്ഥാനമായി ദക്ഷിണദേശവും, അതായത് അശ്മകവും ഭരിച്ചിരുന്നു. ഉത്തരദേശം അതിനാൽ ഭാരതവും ദക്ഷിണദേശം അശ്മകവുമായിത്തീർന്നു. ഭരതനും ബാഹുബലിയുമുണ്ടായ അഹിംസാപരമായ ദൃഷ്ടിയുദ്ധം, ജലയുദ്ധം, മല്ലയുദ്ധം ഇവയിൽ ഭരതൻ പരാജയപ്പെട്ടുവെങ്കിലും മഹായോഗിയായ ബാഹുബലി അഥവാ അശ്മകൻ ദീനാനുകമ്പയാലും ഭരതന്റെ മോഹാവേശത്തിലും ക്ലിന്നനായി തന്റെ രാജ്യം ഭരതന് വിട്ടുകൊടുക്കുന്ന കഥ ജൈനപുരാണത്തിൽ പറയുന്നു.[10]

(e) ഈ ഐതിഹ്യത്തിന്റെ പശ്ചാത്തലത്തിൽ, ചന്ദ്രഗുപ്തമൗര്യനോടൊപ്പം ഭദ്രബാഹുവിന്റെ ദക്ഷിണദേശത്തേക്കുള്ള ക്രി.മു. മൂന്നൂറാമാണ്ടിലെ പലായനം ബാഹുബലിയുടെ അശ്മകത്തിലേക്കായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം.

(f) ബാഹുബലിയുടെ സ്ഥാനത്യാഗത്തോടെയാണ് ഉത്തര-ദക്ഷിണമായിരുന്ന അയോദ്ധ്യയും അശ്മകവും ഭരതചക്രവർത്തിയുടെ കീഴിൽ ഭാരതവർഷമായിത്തീർന്നത്. ഈ വസ്തുത ആര്യഭടീയത്തിൽ യുഗാരംഭകൽപനയിൽ സൂചിതമാണ്. ഗീതിക 5 -

കാഹോ മനവോ ഢ മനുയുഗാഃ
ശ്ഖഗതാസ്തേ ച മനുയുഗാഃ ഛ്നാ ച
കൽപാദേർയുഗപാദാ ഗ ച ഗുരുദിവ
സാച്ച ഭരതാത് പൂർവ്വം

(5)

ഈ ഗീതത്തിന്റെ അവസാന ഭാഗം ഭാരതാത് പൂർവ്വം എന്നാണ് പാരമ്പര്യസിദ്ധമായിരിക്കുന്നത്. ഇത് ശരിയല്ല. ഭാരതയുദ്ധത്തിനോ, ഭാരതയുദ്ധത്തിന് മുമ്പായി കലിയുഗം തുടങ്ങിയെന്ന അബദ്ധധാരണക്കോ ആര്യഭടന് മുമ്പോ, പഴയകാലത്തോ യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. മഹാഭാരതം അനുസരിച്ച് കുരുക്ഷേത്രയുദ്ധത്തിന് 36 വർഷങ്ങൾ കഴിഞ്ഞാണ് ശ്രീകൃഷ്ണന്റെ നിധനവും കലിയുഗാരംഭവും. ആ സ്ഥിതിക്ക് ഭാരതാത് പൂർവ്വം കലിയുഗാദിക്ക് മുമ്പെന്ന് വ്യാഖ്യാനിക്കപ്പെടുന്നത് എത്രകണ്ടു ശരിയാണ്?

ഈ ഗീതത്തിലെ പരാമർശം ജൈനയുഗസങ്കൽപവും ഐതിഹ്യവുമാണ്. ഭരതാത് പൂർവ്വം എന്നത് യുഗാദി ഋഷഭനാഥന്റെ പുത്രനായ ഭരതന്റെ കാലഘട്ടമാണെന്ന ജൈനവിശ്വാസത്തിന്റെ പ്രതിഫലനമാണ്. സാമ്പ്രദായികമായി നിലനിന്ന ബ്രാഹ്മണരുടെ 4:3:2:1 ദൈർഘ്യമാർന്ന കൃതാദിയുഗഘടനയെ ആര്യഭടൻ സമതുല്യമായ ചതുർയുഗമാക്കി മാറ്റിമറിച്ചതും ജൈനസ്വാധീനത്താലാണ്. കേരളീയ ബ്രാഹ്മണ പാരമ്പര്യരേഖകളിൽ ആര്യഭടനെ പരാമർശിക്കാത്തതിനു കാരണവും ആര്യഭടന്റെ ജൈനബന്ധമാണ്.

ഭരതനോടു കൂടി അപസർപ്പിണിയായ കലിയുഗാരംഭം ആണ് ആര്യഭടൻ സൂചിപ്പിക്കുന്നതെന്ന വസ്തുത കാലക്രിയ, ശ്ലോകം 9 ൽ നിന്നും മനസ്സിലാക്കാം.

ഉത്സർപ്പിണീ യുഗാർദ്ധം പശ്ചാദപ
സർപ്പിണീ യുഗാർദ്ധം ച
മദ്ധ്യേ യുഗസ്യ സുഷമാദാവന്തേ ദുഷ
മേന്ദൂച്ചാത് (കാലക്രിയ: 9)

ഒരു മഹായുഗത്തിന്റെ ആദ്യപകുതി ഉത്സർപ്പിണിയും രണ്ടാം ഭാഗം അപസർപ്പിണിയുമാണ്. സുഷമാ മദ്ധ്യത്തിലും ദുഷമാ ആരംഭാവസാനങ്ങളിലുമാകുന്നു. ഗതകാലം ചന്ദ്രതുംഗനെ ആശ്രയിച്ച് നിർണയിക്കേണ്ടതാണ്.

ജൈനരുടെ ഈ യുഗഗണനയിൽ മഹായുഗത്തിന്റെ പന്ത്രണ്ട് വിഭാഗങ്ങളിൽ ആദ്യ മൂന്നും അവസാന മൂന്നും വിഭാഗങ്ങൾ ദുഷമയും മധ്യങ്ങളായ ആറു വിഭാഗങ്ങൾ സുഷമയുമാണ്.

360,000 × 12 = 432,000,0. ഇവയിൽ 360000 × 3 = 108, 000,0 കലിയുഗമാണ്. ഈ കലിയുഗം അവസാന മൂന്ന് വിഭാഗത്തെ ഉൾക്കൊള്ളുന്നതിനാൽ അപസർപ്പിണിയുടെ അവസാനമായ ദുഷമയാണ്.

360000 വർഷങ്ങളിൽ 131493125 ദിവസങ്ങളും ഇവയിൽ കുജഗുരുശുക്രന്മാർക്ക് പൂർണ ഭ്രമണസംഖ്യകളും സൂര്യൻ, ചന്ദ്രൻ മുതലായ ചന്ദ്രതുംഗമൊഴിച്ചുള്ള മധ്യമങ്ങൾക്ക് സൂക്ഷ്മയുഗങ്ങളുണ്ട്. ചന്ദ്രതുഗത്തിന് ഈവിധമായ യുഗഖണ്ഡങ്ങളില്ലാത്തതിനലാണ് ഉത്സർപ്പിണ്യാദിയായ ഖണ്ഡനിർണയത്തിന് ചന്ദ്രതുംഗനെ ആര്യഭടൻ നിർദ്ദേശിക്കുന്നത്.[11]

യുഗ അപസർപ്പിണി-ദുഷമാരംഭമായ ജൈനരുടെ 360000 × 3 = 108, 000,0 കലിയുഗമെന്ന, ദുഷമാ-മഹായുഗഖണ്ഡം തുടങ്ങുന്നതിന് മഹാഭാരതയുദ്ധവുമായി എങ്ങനെ ബന്ധം കൽപിക്കാം? ഋഷഭനാഥന്റെ മകനായ ഭരതനും ബാഹുബലിയുമായുള്ള യുദ്ധത്തിനുശേഷം ബാഹുബലി രാജ്യത്യാഗം ചെയ്ത് ഭരതൻ ചക്രവർത്തിയാകുന്നതാണ് ജൈനരുടെ യുഗാദി. ഭരതാത്പൂർവ്വം എന്ന ആര്യഭടന്റെ യുഗാദി നിർവ്വചനത്തിന് കാരണം ഇവിടെ വ്യക്തമാകുന്നു.

(g) കടലിൽ പോയി ഗ്രഹണം കണ്ടതിന് ഭ്രഷ്ട് കൽപിക്കപ്പെട്ട ആര്യഭടൻ ബ്രാഹ്മണവിശ്വാസം ഉപേക്ഷിച്ച് ജൈനമതം സ്വീകരിക്കുകയും അങ്ങനെ ജൈനസമ്പർക്കത്താൽ കുസുമപുരത്തു പോകുകയും അവിടെയുണ്ടായിരുന്ന ജൈനവിദ്യാപീഠത്തിന്റെ കുലപതിയാകുകയും ചെയ്തു എന്നതാകണം ശരിയായ വസ്തുത.

ഭാസ്കരനൊന്നാമന് സമകാലികനായി

10. http://www.jainworld.com/book/the_sacred_sravana_belagola/ch8.asp: The follow- ing legend is given at this site: Bahubali, the first Jaina saint to attain liberation in this ' avasarpin kala', i.e., the descending half arc of time , was the son of Lord Rshabha, the first Jaina Tirthankara, who flour-ished at the dawn of civilization and taught mankind the first lessons of a cultured life. LordRshabha-deva, the son of Nabhiraja and Marudevi, was a patri-arch king of Ayodhya. Lord Rshabha-natha had many sons.among whom Bharata and Bahubali were very promi-nent.Bharata was the crown-prince and he succeeded his father to the throne of Ayodhya. By his prowess Bharata became the first universal monarch and due to his profound impact on the country, India came to be known as " Bharatavarsha", i.e., the land of Bharata. Bahu-bali was given the kingdom of ' Asmaka' form south India which he ruled from its capital seat at podanapura. In this way after dividing his kingdom among his sons, Lord Rshabha-deva retired to the Himalayas and adopted the Jaina ascetic way of life to teach mankind the path of salvation.

11. Abraded Yugas of Mean Longitudes are given at p.93, KS Shukla, Aryabhatiyam, INSA, New Delhi-2

രുന്ന പുലികേശി രണ്ടാമൻ ജയിച്ച നിരവധി രാജ്യങ്ങളുടെ പട്ടികയിൽ (നള, മൗര്യ, കദംബകുലങ്ങൾ, കാലചൂരി, രേവതി, വനവാസി, ഗംഗ, അലുപ, കൊങ്കണം, പുരി, ലാടം, മാളവം, ഗുർജരം, കലിംഗം, കോസലം, മഹാരാഷ്ട്രകം, പിഷ്ടപുരം, പല്ലവകാഞ്ചീപുരം. ചോള, പാണ്ഡ്യ കേരളം ഇങ്ങനെ സർവ്വരാജ്യങ്ങളെയും ലിഖിതത്തിൽ പരാമർശിക്കുന്നു). അശ്മകമെന്ന മഹാരാഷ്ട്രയിലെ ദേശം ഉൾപ്പെടുന്നില്ലെന്നത് ശ്രദ്ധിക്കേണ്ട സംഗതിയാണ്. ഭാസ്കരൻ പറയുന്ന അശ്മകം അക്കാലത്തെ രാഷ്ട്രീയഭൂപടം ആസ്പദമാക്കിയല്ലെന്ന് ഐഹോൾ ലിഖിതത്തിൽ നിന്നും മനസ്സിലാക്കാം. ശുക്ലയുടെയും മറ്റ് ഗോദാവരി-അശ്മകവാദികളുടെയും നിഗമനങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ഇവിടെ തെളിയുന്നു.

## 5. ഭരതാത് പൂർവ്വം ഭാരതയുദ്ധമാക്കിയ കാലഗണന

കലിയുഗാദിയുടെ മുകളിൽ പറഞ്ഞ ഭരതകാലഘട്ടം ആസ്പദമായി പിൽക്കാലത്ത് കലിയുഗാദി സംവത്സരഗണന ഉണ്ടായി. ഈ സംവത്സരഗണനക്ക് ദക്ഷിണഭാരതത്തിൽ ജൈനസമ്പർക്കമുണ്ടായിരുന്ന കർണാടകത്തിലാണ് ആദ്യം പ്രചാരം സിദ്ധിച്ചതെന്ന് ചാലൂക്യരാജാവായ പുലികേശിയുടെ ഐഹോൾ ശിലാലിഖിതത്തിൽ[12] നിന്നും മനസ്സിലാക്കാം. കലിവത്സരം നൽകുന്ന ആദ്യ ശിലാലിഖിതമാണിത്. ഭരതാത് എന്ന രവികീർത്തിയുടെ പ്രയോഗം ആര്യഭടീയം ആശ്രയിച്ചാണെന്ന് കലിവർഷംനൽകുന്നതിൽ നിന്നും മനസ്സിലാക്കാം.കലിവത്സരം ആദ്യമായി നൽകുന്ന ഈ (AD 634) ലിഖിതം ആരംഭിക്കുന്നത് ജിനേന്ദ്രനെ സ്തുതിച്ചുകൊണ്ടാണ്. കലിയുഗവത്സരഗണന ജൈനപാരമ്പര്യത്തിലൂടെ പ്രസിദ്ധമായ സംഗതിയുടെ സൂചന ഇവിടെ ലഭിക്കുന്നു. ഐഹോൾ ആര്യപുരമാണെന്ന ഐതിഹ്യം ജൈനസിദ്ധനായിത്തീർന്ന ആര്യഭടന്റെ പേരിൽ ജൈനർ സ്ഥാപിച്ചതാകാം ഈ നഗരിയുടെ ആദിരൂപം എന്ന ഊഹാപോഹത്തിനും സംഗതിയുണ്ട്.

ഐഹോൾ ശിലാലിഖിതത്തിന്റെ വായനയിലും വ്യാഖ്യാനത്തിലും ഗീതികാ -5 ന്റെ വായനയിലും വ്യാഖ്യാനത്തിലുമുണ്ടായ സ്ഖലിതം സംഭവിച്ചിട്ടുണ്ടെന്ന് താഴെ നൽകുന്ന ലിഖിതത്തിലെ ശ്ലോകത്തിൽ നിന്നും മനസ്സിലാക്കാം.[13]

ത്രിംശത്സു ത്രിസഹസ്രേഷു ഭരതാത്
ആഹവാദിതഃ
സപ്താബ്ദശതയുക്തേഷു ശതേഷ്വ
ബ്ദേഷു പഞ്ചസു (33)

പഞ്ചാശത്സു കലൗകാലേ ഷട്സുപ
ഞ്ചശതാസു ച
സമാസു സമതീതാസു ശകാനാമപി
ഭൂഭുജാം (34)

ഇവിടെ ആദ്യവരിയിലെ ഭരതാത് എന്ന ആര്യഭടന്റെ പ്രയോഗംതന്നെ രവി കീർത്തിയെന്ന ജൈനകവി ലിഖിതത്തിൽ ആര്യഭടീയത്തിലെ ജൈനയുഗഗണന അനുസരിച്ച് ഉപയോഗിച്ചിരിക്കുന്നു. 3334 ശ്ലോകങ്ങളുടെ ഭാരതാത് എന്ന വായ നയും ആ വായനയെ ഭാരതയുദ്ധമാക്കുന്ന വ്യാഖ്യാനവും മഹാഭാരതം, ഭാഗവതം, പുരാണങ്ങൾ ഇവയിലെ ഭാരതയുദ്ധസംബന്ധിയായ പരാമർശങ്ങൾക്ക് വിരുദ്ധമാണ്.

1. മഹാഭാരതത്തിലെ പ്രഖ്യാതമായ പരാമർശവും ഗാന്ധാരീശാപവും അനുസരിച്ച് കുരുക്ഷേത്രയുദ്ധത്തിന് ശേഷം 36 വർഷങ്ങൾ കഴിഞ്ഞാണ് കൃഷ്ണനിധനവും കലിയുഗാരംഭവും.

2. ഭാഗവതവും ബ്രഹ്മാണ്ഡപുരാണവും അനുസരിച്ചും കുരുക്ഷേത്രയുദ്ധം കഴിഞ്ഞ് 36 വർഷങ്ങൾ കഴിഞ്ഞാണ് കൃഷ്ണന്റെ നിധനവും കലിയുടെ ആവിർഭാവവും - യസ്മിൻ കൃഷ്ണോ ദിവം യാതഃ തസ്മിന്നേവ തദാഹനി -കലിയുഗാരംഭം എന്ന കാര്യത്തിൽ ഭാരതീയ സമൂഹത്തിന് യാതൊരു സംശയത്തിനും കാരണമില്ലെന്നിരിക്കെ, ഭാരതയുദ്ധത്തെ കലിയുഗാദിയാക്കുന്ന വ്യാഖ്യാനം എങ്ങനെ ശരിയാകും?

3. വരാഹമിഹിരാചാര്യർ സപ്തർഷിചാരം നൽകുമ്പോൾ ആസൻ മഘാസു മുനയഃ ഇത്യാദിയായ ശ്ലോകത്തിൽ യുധിഷ്ഠിരന്റെ കാലം കലിവർഷം 653 അഥവാ ശകാരംഭത്തിന് 2526 വർഷങ്ങൾ മുമ്പാണെന്ന് പറഞ്ഞിരിക്കുന്നു. ഭാരതാത് എന്ന വായനയും ഭാരതയുദ്ധമാക്കുന്ന വ്യാഖ്യാനവും അതിനാൽ വരാഹമിഹിരനാലും നിരാകരിക്കപ്പെടുന്നു.

4. മഹാഭാരതത്തിലെയും പുരാണങ്ങളിലെയും വസ്തുതകൾ തിട്ടമുണ്ടായിരുന്ന പരമേശ്വരാചാര്യർ തന്റെ ആര്യഭടീയ വ്യാഖ്യാനത്തിൽ ഭാരതാത് എന്ന സ്ഖലിതത്തെ പാണ്ഡവരുടെ മഹാപ്രസ്ഥാനം എന്ന ആശയത്തോടെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത്.

5. ഭാരതാത് എന്ന ഗീതിക 5 ന്റെ വായനയും ഐഹോൾ ലിഖിതത്തിന്റെ വായനയും തെറ്റാണെന്ന് ഇതിനാൽ തെളിയുന്നു. ഭാരതീയ കാലഗണനയിൽ നിലനിൽക്കുന്ന ഭാരതയുദ്ധകാലം, പാണ്ഡവരുടെയും കൃഷ്ണന്റെയും കാലം ഇവ സംബന്ധിച്ച വിവാദത്തിലെ ആര്യഭടീയാധിഷ്ഠിതവും ഐഹോൾ ലിഖിതാശ്രിതവുമായ 3102 BC വാദത്തിന് ശാസ്ത്രീയവും ചരിത്രപരവുമായ അടിസ്ഥാനമില്ലെന്ന് ഇതിനാൽ തെളിയുന്നു. വിഷ്ണുപുരാണമനുസരിച്ച് -

മഹാപത്മാഭിഷേകാത് തു യാവജ്ജന്മ
പരീക്ഷിതഃ
ഏവം വർഷസഹസ്രം തു ജ്ഞേയാ
പഞ്ചാശദുത്തരം

എന്ന് വിഷ്ണുപുരാണത്തിലും ഭാഗവതത്തിലും ലഭ്യമായ പരാമർശങ്ങളും രാജവംശാവലി നൽകുന്ന പരീക്ഷിത്തിന്റെ കാലവും നിരാകരിച്ച് (മഹാപത്മനന്ദന് മുമ്പ് 1015 വർഷങ്ങൾ) 3102 BC ക്കുള്ള വാദം അവസാനിപ്പിക്കാമെന്ന് ആര്യഭടീയത്തിലും ഐഹോൾ ലിഖിതത്തിലും പ്രത്യക്ഷപ്പെടുന്ന ഭരതൻ വ്യക്തമാക്കുന്നു.

ഭാരതീയകാലഗണനയിലെ പ്രസിദ്ധമായ ഭാരതകാലഘട്ടം സംബന്ധിച്ച 1400 BC -3102 BC വിവാദം ആര്യഭടീയത്തിലെ ഭരതൻ അവസാനിപ്പിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## 6. ചമ്രവട്ടത്തപ്പനെന്ന ശാസ്താവ് ബാഹുബലിയോ?

രാജ്യം ത്യജിച്ച് യോഗിയായി മാറിയ മഹായോദ്ധാവായ ബാഹുബലിയാണ് ശാസ്താവെന്ന ചമ്രവട്ടത്തപ്പൻ. നിഷ്ഠയുടെയും നിസ്വാർത്ഥതയുടെയും മൂർത്തിയായ യോഗീശ്വരന്റെ, കലികാല ജൈനസിദ്ധനെ പിൽക്കാലത്ത് ചമയ്ക്കപ്പെട്ട വ്യാജപുരാണങ്ങൾ കള്ളക്കഥയിലൂടെ വൈഷ്ണവമൂർത്തിയാക്കി. കർണാടകയിലെ അഥവാ ദക്ഷിണഭാരതത്തിലെ ജൈനപാരമ്പര്യം വൈഷ്ണവ സമ്പ്രദായത്തിന് വഴിമാറിയത് ചമ്രവട്ടത്തപ്പന്റെ പേരുമാറ്റത്തിന് കാരണമായിത്തീർന്നുവെന്ന് കരുതാം. ജൈന-ബൗദ്ധ-വൈഷ്ണവ സമ്പ്രദായങ്ങളുടെ ഒരു സങ്കലിതചിത്രമാണ് പുരാതന കേരളം പ്രതിഫലിപ്പിക്കുന്നതെന്ന ചരിത്രകാരന്മാരുടെ പൊതുവായ നിഗമനത്തിന് ഉപോദ്ബലകമാണ് ആര്യഭടീയം നൽകുന്ന അദ്ദേഹത്തിന്റെ സ്വദേശ സംബന്ധമായ തെളിവുകളും ജൈനപാരമ്പര്യത്തിലൂന്നിയ പരാമർശങ്ങളും.

അടുത്തകാലത്ത് ഭൂഖനനത്തിൽ ജൈന -ബൗദ്ധപാരമ്പര്യം വ്യക്തമാക്കുന്ന തെളിവുകൾ ചമ്രവട്ടത്ത് ലഭ്യമായതായി സി. രാധാകൃഷ്ണൻ ഈ ലേഖകനോട് പറയുകയുണ്ടായി. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെപ്പറ്റി കൂടുതൽ വസ്തുനിഷ്ഠമായ ഒരു വീക്ഷണത്തിനും കേരളത്തിലെ ജൈന-ബുദ്ധപാരമ്പര്യത്തിന് വൈദികപാരമ്പര്യത്തേക്കാൾ പുരാതനത്വമുണ്ടെന്ന് ബോദ്ധ്യപ്പെടുന്നതിനും ആര്യഭടൻ ചരിത്രകാരന്മാർക്ക് പ്രേരകമാകുമെന്ന് കരുതാം. ഈ ലേഖനത്തിന്റെ രണ്ടാം ഭാഗം, ആര്യഭടന്റെ സ്വദേശം സംബന്ധിച്ച സ്വതന്ത്രമായ ജ്യോതിഃശാസ്ത്രപരമായ അന്വേഷണവും ചമ്രവട്ടം അദ്ദേഹത്തിന്റെ നിരീക്ഷണകേന്ദ്രമായിരുന്നുവെന്ന് സ്ഥാപിക്കുന്ന വിവിധ തെളിവുകളുമാണ്.

(തുടരും)

12. Text of the inscription is available at the site – http://projectsouthasia.sdstate.edu/docs/HISTORY/primarydocs/Epigraphy/AiholeInsc ription.htm

13. (33)When thirty (and) three thousand and five years besides, joined with seven hundred years, have passed since the Bharata war; (3735 years = 634CE)
(34) And when fifty (and) six and five hundred years of the Saka kings also have gone by in the Kali age; (556 years of Saka Era = 556+78 = 634)
(35)This stone mansion of Jinendra , a mansion of every kind of greatness, has been caused to be built by the wise Ravikirti, who has obtained the highest favour of that Satyashraya whose rule is bounded by the three oceans.